# അമേരിക്കൻ കഥകൾ

## മിനികഥകൾ മുപ്പത്തി ഒന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, കന്നമ്മ പറഞ്ഞ വാക്യത്തെ പിടിച്ചു കൊണ്ട്, മുൻ കഥയുടെ തുടച്ചയായിട്ടാണ് ഇപ്പോൾ പറയുന്നത്: സ്വന്തം ഭാര്യയെ പരിപൂർണ്ണമായി സന്തോഷിപ്പിക്കാൻ കഴിവില്ലാതെ ഭ ത്താവ് എന്ന പറഞ്ഞ നടക്കേണ്ടതുണ്ടോ? വളരെ പുരാതന കാലത്ത് വളരെ ബാല്ല്യകാലത്ത് ഒരു പെണ്ണിനെ കെട്ടികൊ ണ്ട് വന്നിട്ട് ഒരടിമയേപോലെ, അമ്മായിഅമ്മയുടെ ശകാര ങ്ങളും കേട്ട് ഒരു വേലക്കാരിയെപോലെ ആ വീട്ടിലെ എല്ലാ പണികളും ചെയ്ത് ജീവിച്ച ശേഷം ഭത്താവിന്റെ കാമപൂരണ ത്തിന വേണ്ടി ജീവിക്കുന്ന ബലി മൃഗങ്ങളെപോലെ ജീവി ക്കുന്ന പെണ്ണുങ്ങളെ ഇന്ന് കിട്ടത്തില്ല. ആ പഴയ സ്ത്രീകളോട് ചോദിച്ചാൽ, ഓ എന്തോന്ന സുഖം? അച്ചായൻ സന്തോഷമാ യി; വീട്ടിൽ സമാധനമായി. അതിനപ്പുറം അവക്കറിയില്ലായി രുന്നു. ഇന്ന് പുരുഷന് കാമപൂരണം കിട്ടാതെ അത് അടക്കി പിടിച്ചിരുന്ന് ഹൃദ്രോഗിയായി, ഹൃദയസ്തംഭനം മൂലം മരിക്കു ന്ന പുരുഷന്മാരുടെ എണ്ണം അമേരിക്കയിൽ നിരവധിയാണ്. അമേരിക്കയിൽ നല്ല ശമ്പളം വാങ്ങുന്ന ഒരു സ്ത്രീയുടെ ഭത്താ വായി തുഛ ശമ്പളം വാങ്ങുന്ന ഒരു പുരുഷൻ അനുഭവിക്കു ന്ന മാനസീക പീഢകൾ നിരവധിയാണ്. ഉത്തമ പുരുഷകേ സരികളായി ജീവിക്കുന്ന ഇവരുടെ ലൈംഗിക അരാജകത്വം ആരോടു പറയാനാണ്? എങ്ങിനെ പരിഹരിക്കാനാണ്?

സഖറിയായുടെ ജീവിതത്തിൽ വന്ന മാറ്റം അവന പോലും വിശ്വസിക്കാൻ പറ്റത്തില്ല. കേരളത്തിൽ വെച്ച് ഒരു കാപ്പി ഉ ണ്ടാക്കി കുടിക്കാൻ പൊലും അറിയാതിരുന്ന അവൻ ഇപ്പോ ൾ പാചക കലയിൽ മിടുക്കനായി. കേരളത്തിൽ കാലത്ത് വ ളരെ വൈകി എഴുന്നേറ്റിരുന്ന അവൻ ഇപ്പോൾ അതിരാവി ലെ എഴുന്നേൽക്കാൻ യാതൊരു മടിയുമില്ല. കേരളത്തിൽ വെച്ച് വലിയ മടിയനായിരുന്ന അവൻ ഇപ്പോൾ നല്ല ഉത്സാ ഹിയും പരിശ്രമശീലനം ആക്കി തീത്തു.

കന്നമ്മയുടെ മരണ ശേഷം അവൾക്കുണ്ടായിരുന്ന സമ്പാദ്യം സഖറിയായുടെ പേക്കാണ് എഴുതി വെച്ചത്. യഥാത്ഥത്തിൽ അന്നച്ചിയുടെ പേക്ക് കൊടുക്കാനായിരുന്ന അവൾ ആഗ്ര ഹിച്ചിരുന്നതെങ്കിലും, അന്നച്ചിക്കതു വേണ്ടായെന്ന് നിബ്ബന്ധ മായി പറഞ്ഞതുകൊണ്ടാണ്, കന്നമ്മ അങ്ങിനെ ചെയ്തത്. അവളുടെ സഹോദരങ്ങൾ പതിനാലു പേർ ഉണ്ടായിരുന്നെ ങ്കിലും അവക്കാക്കും കൊടുക്കാൻ അവൾക്ക് മനസ് വന്നില്ല. "നന്ദിയില്ലാത്ത നായിന്റെ വഗ്ഗത്തിൽ പെട്ടതെന്നാണ് അവ രെപ്പറ്റി അവൾ പറയുന്നത്. അവളുടെ മരണത്തിനോ, മര ണാനന്തര കമ്മങ്ങൾക്കോ അവൻ പോയില്ല. അപ്രതീക്ഷിത മായി അവന് ആ തുക കിട്ടിയപ്പോൾ, അവൻ ഒരു കൊച്ചു കു ഞ്ഞിനേപോലെ കരഞ്ഞു പോയി. സ്വണ്ണമ്മ നിബ്ബന്ധിച്ചതു കൊണ്ടു മാത്രമാണ് അവൻ അത് സ്വീകരിച്ചത്.

അവനും സ്വണ്ണമ്മയും വിവാഹം കഴിക്കാതെ ബോയിഫ്രണ്ടും ഗേൾഫ്രെണ്ടുമായി മരണം വെരെ കഴിയാനായിരുന്ന ആദ്യം ഉദ്ദേശിച്ചതെങ്കിലും, പിന്നിട് ആ തീരുമാനം തിരുത്തി. ഭാര്യാ ഭത്താക്കന്മാരായി ജീവിച്ചാൽ വഷത്തിലൊരിക്കൽ കരം കൊ ടുക്കുമ്പോൾ വലിയ നേട്ടം ഉണ്ടാകുമെന്ന് മനസിലാക്കിയ പ്പോൾ തീരുമാനങ്ങൾക്ക വ്യതിയാനം വരുത്തി. അമേരിക്ക യിൽ അങ്ങിനെ ആജീവനാന്തം ജീവിക്കുന്നവർ നിരവധി. അ ങ്ങിനെ ജീവിക്കുന്നവക്ക മക്കൾ ഉണ്ടായാലും യാതൊരു കു ഴപ്പവുമില്ല. ചിലർ വിവാഹം കഴിക്കുമ്പോൾ അവരുടെ മക്കളു മൊന്നിച്ചാണ് വിവാഹത്തിൽ പങ്കു ചേരുന്നത്. കേരളത്തി ലേതും അമേരിക്കയിലേയും സംസ്ക്കാരം തമ്മിൽ അജഗജാ ന്തരം ഉണ്ട്. കേരളത്തിൽ ഉള്ളവരോടു പറഞ്ഞാൽ അവക്ക് വിശ്വസിക്കാനും ഉൾക്കൊള്ളാനും കഴിയത്തില്ല, പെട്ടന്ന്. തൊണ്ണൂറും അതിലപ്പുറവുമുള്ള പ്രായമുള്ളവർ അമേരിക്കയി ൽ വിവാഹിതരാകും. കേരളത്തിൽ ഉള്ളവരുടെ വിചാരം വി വാഹം കഴിച്ചാൽ സെക്സ് ചെയ്യാമെന്നാണ്. എന്നാൽ ആ ഉദ്ദേ ശത്തോടെയല്ല അവർ വിവാഹിതരാകുന്നതും. ആ പ്രായത്തി ലുള്ളവക്കും സെക്സ് ചെയ്യണമെങ്കിൽ അതിനുള്ള ആധുനി സൗകര്യങ്ങളും ഉണ്ട്. സംയോഗമല്ലാതെയുള്ള സെക്സ് ചെയ്യാ നും അമേരിക്കയിൽ ഉള്ളവക്കറിയാം.

എന്തായാലും സഖറിയായും സ്വണ്ണമ്മയും ഇണ ചേന്ന് ദമ്പ തികളെപോലെ കഴിഞ്ഞെങ്കിലും വളരെ ആലോചിച്ച ശേഷം, ഏകദേശം ആറു മാസത്തെ ജീവിതത്തിന ശേഷമാണ്, യാ തൊരു ആഭാടമോ ചെലവുകളോ ഇല്ലാതെ രജിസ്റ്റേഡ് വിവാ ഹം നടത്തിയത്. ആ ഇനത്തിൽ പ്രത്യേകിച്ച് യാതൊരു പ്ര ത്യേക ചിലവുകളും വന്നില്ല. എന്നാൽ തൊട്ടടുത്ത ദിവസം മുതൽ അവർ ഹണിമൂണായി, ക്രൂയിസിനായി ഒരാഴ്ച പോയി

അമേരിക്കയിലെ പ്രത്യേക കാര്യമാണ് ക്രൂയിസ് യാത്ര. അത്രയും ദിവസങ്ങൾ കപ്പലിൽ. കപ്പലിൽ ഉറക്കവും യാത്ര യുമല്ല; അതിലും അപ്പുറം വലിയ കാര്യങ്ങൾ പലതാണ്. രാത്രി, പാതിരാത്രിയാകുമ്പോൾ നടുക്കടലിന്റെ നടുക്കു വെ ച്ച് സക്കസ്, മാജിക്ക്, കലാ പരിപാടികൾ എന്ന വേണ്ട ആ ഘോഷ പരിപാടികൾ നിരവധിയാണ്. അതിരാവിലെ മുതൽ വളരെ തിരക്കേറിയ പരിപാടികളാണ്. നാലഞ്ചു നിലകളുള്ള വലിയ കപ്പലിൽ ഏകദേശം മൂവായിരത്തിലധികം ജോലി ക്കാരും അതുപോലെ അത്രയും തന്നെ ആൾക്കാരുമായുള്ള പരിപാടികളാണ്. വളരെ ചിലവേറിയ പരിപാടിയാണിത്. ക പ്പലിൽ കയറിയാൽ ഇറങ്ങുന്നതുവെരെ യാതൊരു ചിലവ് ആൾക്കാക്കില്ല. അവിടെ നീന്തൽകുളവും ചൂതാട്ടം കളിക്കാ നുള്ള കാസിനോകളും എല്ലാം എല്ലാം ഉണ്ട്. ഈ ഭൂമിയിലെ പറുദീസ ആണ് ക്രൂയിസ്യാത്ര. ഓരോ യാത്രക്കാരും നല്ല തുക കൊടുത്ത് വളരെ മാസങ്ങൾക്കു മുമ്പ് ബുക്കു ചെയ്താൽ മാത്രമേ ഇത് തരപ്പെടുകയുള്ളു. കപ്പലേൽ കയറുമ്പോൾ മു തൽ ഭക്ഷണവും താമസ സൗകര്യങ്ങളും എല്ലാം ഒറ്റ ചിലവാ ക്കിൽ തീരും. വേവ്വേറേ വേറ ചിലവുകൾ ഒന്നമില്ല. ആ കപ്പ ലിൽ തന്നെ വളരെയധികം മലയാളികളും ജോലിക്കാരായ് ഉ ണ്ട്. അവിടെ നിന്നും ഈ ഉല്ലാസ യാത്ര തീരുമ്പോൾ സാധാ രണ ആക്കും മടങ്ങി വരാൻ തോന്നുകയില്ല. ഇവർ ഈ യാത്ര യും കഴിഞ്ഞ് കുറച്ചു ദിവസങ്ങൾ കഴിഞ്ഞ ശേഷമാണ് ജോ ലിക്കു മടങ്ങി പോയത്.

അമേരിക്കയിലെ സ്വഗ്ഗീയ സുഖത്തിലുള്ള ജീവിതത്തിനിട യിലും കഷ്ടപ്പാടുകൾ നിരവധിയാണ്. "സുഖങ്ങളേറും തോ റും ദുഃഖങ്ങൾ വദ്ധിക്കും" എന്നാണല്ലോ. കേരളത്തിൽ ഒര ല്പം സാമ്പത്തിക സൗകര്യമുള്ള ഒരാൾക്ക് അടുക്കളയിൽ സ ഹായിക്കാനായി വേലക്കാർ, കാർ ഓടിക്കാനായി ഡ്രൈവർ അങ്ങിനെ പരിചാരകർ നിരവധിയുണ്ടെങ്കിലും, അമേരിക്ക യിൽ ഇതെല്ലാം നമ്മൾ തന്നത്താനെ ചെയ്യണം. പിന്നെ കേര ളത്തിലേ പോലെ എല്ലാ ദിവസവും ഭക്ഷണം പാകം ചെയ്യേ ണ്ടതില്ല. ഒരിക്കൽ ഭക്ഷണം പാചകം ചെയ്താൽ അവ കേടു വ രാതെ ഫ്രിഡ്ജിൽ വെച്ചിട്ട്, കഴിക്കേണ്ട സമയത്ത് മൈക്രോ ഓവനിൽ വെച്ച് ചൂടാക്കി കഴിച്ചാൽ മതി.

അമേരിക്കയിൽ ആരും ആരേയും സാറേയെന്ന വിളിച്ച് കൈ കൂപ്പി നിൽക്കത്തില്ല. അങ്ങിനെയുള്ള സുഖങ്ങൾ കിട്ടാൻ വേണ്ടിയാണ് മലയാളികൾ സാധാരണ കേരളത്തിലേക്ക് ക ഷ്ടപ്പെട്ടു വരുന്നത്. അപ്പോൾ അവിടെ അവക്ക പാര പണി യാനായി നോക്കിയിരിക്കുകയാണ്. അപ്പോൾ എങ്ങിനെ ആ ൾക്കാർ പിന്നേയും പിന്നേയും കേരളത്തിലേക്ക് വരുന്നത്?